**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 438** **16-09-2025 - ൽ മറുപടിയ്ക്ക്**

**ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയിൽ നടപ്പാക്കുന്ന അമൃത് കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയിൽ നടപ്പാക്കുന്ന അമൃത് കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ? | (എ) | ഈരാറ്റുപേട്ട നഗരസഭയിൽ നടപ്പിലാക്കുന്ന 20 കോടി രൂപയുടെ അമൃത് കുടിവെള്ള പദ്ധതിയുടെ സർവ്വേ പ്രവൃത്തികൾക്കും സോയിൽ ഇൻവെസ്റ്റിഗേഷനും വേണ്ടി 26.09.2023 ലെ GO(Rt)No.1901/2023/LSGD നമ്പർ ഉത്തരവ് പ്രകാരം 19.183 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. സർവ്വേ പൂർത്തിയാക്കി. 20 കോടി രൂപ അടങ്കൽ വരുന്ന പദ്ധതിക്ക് അമൃത് 2.0 യിൽ ഉൾപ്പെടുത്തി 23.10.2024 ലെ GO(Rt)No.2022/2024/LSGD നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് കേരള വാട്ടർ അതോറിറ്റി സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. പദ്ധതി ടെണ്ടർ ചെയ്തു. 2.03 % ടെണ്ടർ അധികരിച്ച തുകയ്ക്ക് ഏറ്റവും കുറഞ്ഞ ടെണ്ടർ ലഭിച്ചിട്ടുണ്ട്. Letter of Acceptance കരാറുകാരന് നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ട് എന്ന് കേരള വാട്ടർ അതോറിറ്റി അറിയിച്ചിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ